UNSTARRED QUESTIONS AND ANSWERS

പൊന്നംവിലയ്ക്കുടുത്ത ഹരിജൻ കാളനി സ്ഥലങ്ങൾ.

365. [8] ശ്രീ. ടി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ ഗവണ്മെൻറ് അധികാരത്തിൽ വന്നതിനുശേഷം പൊന്നംവിലയ്ക്കുടുത്ത ഹരിജൻ കാളനികളെ സംബന്ധിച്ച് കേസ്സുകൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടായിട്ടുണ്ടെങ്കിൽ എന്താണ് അ കേസ്സിൻറെ സ്വഭാവം ;

(സി) അപ്രകാരം ഉണ്ടായ കേസ്സുകൾ നിലവിലിരിക്കുകയാണോ ; തീർന്നിട്ടുണ്ടെങ്കിൽ എപ്രകാരം തീർന്നു എന്നു വെളിപ്പെടുത്താമോ ?

ഉത്തരം.

(എ) ഒരു കാളനിയെ സംബന്ധിച്ചു കേസ്സുണ്ട്.

(ബി) പൊന്നംവിലകൂടുവ് എന്നതാണ് അ കേസ്സിനാധാരമായ കാരണം.

(സി) അ കേസ്സ് അവസാനതീരുമാനമായിട്ടില്ല.

Pay scales of the staff of District Co-operative Banks.

366. [10] **Shri M. C. Abraham:** Will the Minister for Education and Co-operation be pleased to state:

(a) whether the Government intend to unify and revise the pay scales of the staff of the District Co-operative Banks in the State;

(b) whether the Government have received any representation regarding the same;

(c) if so, what action has been taken?

Answer.

(a) This is a matter to be considered and decided by the Board of Directors of the Banks in accordance with the financial resources of the Bank.

(b) No.

(c) Does not arise.

മുത്തോലി-പൂവരണി റോഡിൻറെ മെയിൻറനൻസ്.

367. [11] ശ്രീ. പി. എം. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീനച്ചൽ മണ്ഡലത്തിൽപ്പെട്ട മുത്തോലി-പൂവരണി റോഡ് പണിതീർന്നിട്ട് എത്രനാളായി ;

(ബി) ഇ റോഡിനു മെയിൻറനൻസ് ഗ്രാൻറ് അനുവദിച്ചിട്ടുണ്ടോ ;

(സി) ഇ റോഡ് ഗതാഗതയോഗ്യമല്ലാതാക്കിത്തീർക്കുന്നതിനു വേണ്ട നടപടികൾ നടത്തുന്നതിനു ഗവണ്മെൻറിൽനിന്നും മുമ്പുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) 1957 നവംബറിൽ ഈ ജോലി പൂർത്തിയായി.

(ബി) ഉണ്ട്.

(സി) റോഡ് ഗതാഗതസൗകര്യമുള്ളതാക്കുന്നതിനു വേണ്ട നടപടി കൈക്കൊണ്ടുകൊണ്ടിരിക്കുന്നു.

കക്കടി-ചോലയൂർ റോഡ്.

368. [14] ശ്രീ. ആർ. രാഘവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ, അട്ടപ്പാടിയിൽ കക്കടി-ചോലയൂർ എന്ന ഒരു റോഡ് ഗവണ്മെന്റ് അകപയർ ചെയ്യുവാൻ ഓർഡർ ആക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ പ്രവർത്തനം എത്രത്തോളമായി;

(സി) ചില തല്പരകക്ഷികളും ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്തി അകപിസിഷൻ പ്രൊസീഡിംഗ്സ് നീട്ടിക്കൊണ്ടുപോകുന്നു എന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനങ്ങൾക്ക് വളരെ സൗകര്യപ്രദമാക്കേണ്ടതിനു പകരം അകപയർ ചെയ്താൽ തങ്ങൾക്ക് അധികം സംഖ്യ നഷ്ടപരിഹാരമായി കിട്ടുവാനിടയുള്ള, ഇപ്പോൾ നിലവിലുള്ള റോഡിനെ അകപയർ ചെയ്യിപ്പിക്കുവാൻ തല്പരകക്ഷികളും ശ്രമിക്കുന്നു എന്നറിയുന്നതു് വാസ്തവമാണോ;

(ഇ) അതിവാസികൾക്കും മറ്റും വളരെ ഉപകാരപ്രദമായ ഈ റോഡിന്റെ, ഏറെറടുത്തു നടത്തിപ്പിൽ ഗവണ്മെന്റ് ഇത്ര ഉദാസീനത കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) റോഡിനു വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി റോഡിന്റെ പ്ലാൻ ഡിസ്ട്രിക്ട് കളക്ടർക്ക് അയച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) വാസ്തവമല്ല.

(ഇ) അതിലേക്ക് വേണ്ട നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: സർ, അദ്യം ഞങ്ങൾക്ക തന്ന നോട്ടീസ് അനുസരിച്ച് ഈമാസം പതിനാറാംതീയതി വരെ അസംബ്ലി
12 Noon. ഉണ്ടായിരിക്കുമെന്നാണ് കാണുന്നതു്. ഇന്നു നാലാം തീയതിയാണ്. സഭ തുടരുന്നതിനെപ്പറ്റി ലീഡർ ആഫ് ഹൗസിനോ വല്ലതും പറയാനുണ്ടെങ്കിൽ അറിഞ്ഞാൽകൊള്ളാം.

Mr. Speaker: I will consult the Leader of the House about it today itself and let the House know.

ശ്രീ. ജോസഫ് ചാഴിക്കാട്ട്: സർ, വിദ്യാഭ്യാസബില്ലിന്റെ രൂപം സിനു് അമെൻഡ്മെന്റ് കൊടുക്കാനുണ്ട്. ഇന്നു മൂന്നു മണിക്കാണു നോട്ടീസു കിട്ടിയതു്.

Mr. Speaker: The rules have been placed on the table fourteen days back.

LIBRARY ARCHIVES Kerala Legislative Assembly